# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3806 — 17.10.2011 ൽ മറുപടിക്ക്

## മലപ്പുറം ജില്ലയിലെ വിദ്യാർത്ഥികളുടെ യാത്രാപ്രശ്നം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി. ഉബൈദുള്ള<br>ശ്രീ. പി.കെ. ബഷീർ<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി<br>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | ശ്രീ. വി.എസ്.ശിവകുമാർ<br>ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി |
| (എ) മലപ്പുറം ജില്ലയിൽ സ്കൂൾ വിദ്യാർത്ഥികൾക്ക് കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ കൺസഷൻ ടിക്കറ്റ് നല്കുന്നതിന് ക്വാട്ട നിശ്ചയിച്ചിട്ടുണ്ടോ ;<br><br>ബി) ഇങ്ങനെ ക്വാട്ട നിശ്ചയിക്കുന്നതുമൂലം അർഹരായ പല വിദ്യാർത്ഥികൾക്കും സൗജന്യം ലഭിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അത് പരിഹരിക്കാൻ ക്വാട്ട വർദ്ധിപ്പിക്കുമോ ; | (എ & ബി) ഇല്ല. എന്നാൽ മലപ്പുറം ജില്ലയിൽ സ്വകാര്യ ബസ്സുകളെ അപേക്ഷിച്ച് കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ പല റൂട്ടുകളിലും നാമമാത്രമായാണ് സർവ്വീസ് നടത്തുന്നത്. അതുകൊണ്ട് തന്നെ കൺസഷൻ ടിക്കറ്റുകൾ നിയന്ത്രണാതീതമായി വിതരണം ചെയ്യുന്നത് വിദ്യാർത്ഥികൾക്ക് പ്രായോഗികമായി ബുദ്ധിമുട്ടുണ്ടാകുവാൻ ഇടയുണ്ട്. എന്നിരുന്നാലും ഈ അദ്ധ്യയന വർഷം ഇതുവരെ 1015 കൺസഷൻ ടിക്കറ്റുകൾ മലപ്പുറം ജില്ലയിൽ വിതരണം ചെയ്ത് കഴിഞ്ഞിട്ടുണ്ട്. |
| (സി) മലപ്പുറം ജില്ലയിലെ വിദ്യാർത്ഥികളുടെ യാത്രാ പ്രശ്നം പരിഹരിക്കാൻ കെ.എസ്.ആർ.ടി.സി. 'സ്റ്റുഡൻസ് ഒൺലി' സർവ്വീസുകൾ ആരംഭിക്കുമോ? | (സി) ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ